


■ ലേഖനം

**കെ.എം റശീദ്**

**അമേരിക്കയിലെ** ഹാർലം തെരുവീഥികളിൽ അന്യരുടെ ഷൂ പോളിഷ് ചെയ്തും നൃത്തശാലകളിൽ പാട്ടുപാടിയും ചൂതാട്ടക്കാരനായും കഴിഞ്ഞ കാലം, പിന്നീട് മക്കയിൽ പതിനായിരങ്ങൾക്കിടയിൽ ഒരു ഹാജിയായി താൻ നിൽക്കുന്ന ഈ നിമിഷം മലിക് ശഹ്ബാസ് എന്ന മാൽക്കം എക്സ് ഓർത്തിരിക്കാനിടയില്ല.

ആദ്യന്തം സന്ദിഗ്ധത നിറഞ്ഞുനിന്ന തന്റെ ജീവിതത്തിന്റെ കഴിഞ്ഞുപോയ അടരുകളിൽ പരതുകയായിരുന്നല്ലോ മുസ്ദലിഫയിൽ പല തരം വേഷ-ഭാഷ-വർണക്കാരായ ഹാജിമാർ ഉറങ്ങിക്കിടക്കെ, ഉറങ്ങാനാവാതെ നക്ഷത്രങ്ങൾക്കു താഴെ കിടന്നുകൊണ്ട് ലോകത്തെ കറുത്ത മനുഷ്യരുടെ വിമോചനത്തിന്റെ പാതയിൽ മങ്ങാത്ത അടയാളങ്ങൾ തീർത്ത ആ മനുഷ്യൻ, 1925 മെയ് 19-ന് ഒമാഹയിലെ കൊച്ചു വീട്ടിലെ ജനനം മുതൽ മക്കയിലെ പരശ്ശതം കറുത്തവരും വെളുത്തവരും സമ്പന്നരും ദരിദ്രരും അനേക ദേശക്കാരുമായ സ്ത്രീപുരുഷന്മാരുടെ മഹാ പ്രവാഹത്തിൽ അലിഞ്ഞു ചേരുന്ന ആ നിമിഷം വരെയുള്ള ജീവിതം. മിഷിഗണിലെ തന്റെ വീടിനു പിന്നിലെ ഹെക്ടേഴ്സ് ഹിൽ എന്ന കുന്നിൽ പ്രദേശത്ത് തലക്കു മുകളിലൂടെ അലയുന്ന മേഘങ്ങളിൽ കണ്ണുനട്ട് ഓരോ ദിവാസ്വപ്നങ്ങൾ കണ്ട് പൊലിമകളേറെയില്ലാതെ കഴിഞ്ഞുപോയ ബാല്യകാലം. നന്നായി പഠിക്കുമെങ്കിലും 'കറപ്പൻ' എന്ന പരിഹാസപ്പേരാണ് സ്കൂളിൽ എപ്പോഴും അവൻ കേട്ടുകൊണ്ടിരുന്നത്. ഒരു അഭിഭാഷകനാകണമെന്ന മോഹം വംശവെറിയന്മാർ തല്ലിക്കെടുത്തിയ ആ നിമിഷത്തിലാണ് വിദ്യാലയത്തിന്റെ പടവുകൾ എന്നേക്കുമായി ഇറങ്ങിയത്. തെരുവിന്റെ മഹാവീഥികളിൽ പോരാളിയാകാൻ. സ്വന്തം നാടുവിട്ട് ബോസ്റ്റണിലേക്ക് വണ്ടികയറിയ ആ നിമിഷമാണ് തന്റെ ഇസ്‌ലാമിലേക്കുള്ള ആദ്യ യാത്രയായി മാൽക്കം കാണുന്നത്. പിന്നീട് തീവണ്ടിയിലെ വിൽപനക്കാരൻ മുതൽ അധോലോകം വരെ നീണ്ട ജീവിതാനുഭവങ്ങൾ. 1946-ൽ ഒരു കവർച്ചാകേസിൽ പിടിക്കപ്പെട്ട് ജയിൽജീവിതം. മിക്കവാറും ഏകാന്തമായിരുന്ന ആ നാളുകളിലാണ് പണ്ട് സ്കൂളിൽ വിട്ടേച്ചുപോയ വായനയുടെ ലോകത്തെ മാൽക്കം തിരികെപ്പിടിച്ചത്. പുസ്തകങ്ങളിലൂടെ നടത്തിയ ആ അറിവന്വേഷണത്തിൽ സ്വന്തം അസ്തിത്വത്തിന്റെയും ഭാഗധേയത്തിന്റെയും വേരുകൾ മാൽക്കം കണ്ടെടുത്തു. അവിടെനിന്ന് നാഷ്ൻ ഓഫ് ഇസ്‌ലാമിലേക്കും അതുവഴി കറുത്ത മുസ്‌ലിംകളുടെ അടങ്ങാത്ത പോരാട്ടവേദികളിലേക്കും മാൽക്കം നടന്നുകയറുകയായിരുന്നു. പണ്ട് അഭിഭാഷകനാകാൻ മോഹിച്ചുനടന്ന ഒരു ബാലൻ, പിന്നീട് ഒരു ജനതയുടെ തന്നെ അവകാശനിഷേധത്തിനെതിരെ നിരന്തരം പോരാടുകയായിരുന്നു.

ഒരിക്കലും അന്തിച്ചുനിൽക്കാത്ത ഒരാളായിട്ടാണ് മാൽക്കം തന്നെ വിശേഷിപ്പിക്കുന്നത്. മാറ്റങ്ങളുടെ പരമ്പരയായിരുന്നല്ലോ അദ്ദേഹത്തിന്റെ ജീവിതം. അത്തരമൊരു ചടുലമായ അനുഭവതീവ്രതയിലാണ് അദ്ദേഹം യഥാർഥ ഇസ്‌ലാമിലേക്കും പ്രവാചകന്റെ തിരുകാൽപാടുകളും ചുടുനിശ്വാസങ്ങളും പതിഞ്ഞ ഈ വിശുദ്ധ മണ്ണിലേക്കുമുള്ള തീർഥാടനത്തിനും അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ആയിടെ, നാഷ്ൻ ഓഫ് ഇസ്‌ലാമിനോടും അതിന്റെ നായകനായ അലിജാ മുഹമ്മദിനോടും ഉണ്ടായ വിയോജിപ്പുകളും വിശ്വാസത്തകർച്ചയും

ഇതിന് നിമിത്തമായി എന്നു മാത്രം.

കഅ്ബാലയത്തിന്റെ മുന്നിലെത്തിയപ്പോൾ വികാരങ്ങളുടെ വേലിയേറ്റത്തിൽ താൻ മിണ്ടാനാവാതെ നിന്നുപോയി എന്നാണ് മാൽക്കം എക്സ് എഴുതിയത്. പ്രാർഥനാനിരതനായി, മന്ത്രങ്ങളുരുവിട്ടുകൊണ്ടിരിക്കുന്ന തീർഥാടകർക്കിടയിലൂടെ അദ്ദേഹം കഅ്ബ ത്വവാഫ് ചെയ്തു. പ്രായാധിക്യത്താൽ ചുക്കിച്ചുളിഞ്ഞ് കൂനിക്കൂടിയവരടക്കമുള്ള അനേകശ്ശതങ്ങൾ. ആരോഗ്യമില്ലാത്തവരെ മറ്റുള്ളവർ ചുമലിലേറ്റി നടക്കുന്നു. വിശ്വാസദാർഢ്യത്തിന്റെ ആഹ്ലാദാതിരേകം അവരുടെ മുഖങ്ങളിൽ. ആ കാഴ്ച തന്റെ തലച്ചോറിൽ ആഴത്തിലിറങ്ങി എന്നാണ് മാൽക്കം എഴുതിയത്. ഹജ്ജിൽ തന്നെ ഏറ്റവുമധികം ആകർഷിച്ചത് സാഹോദര്യം എന്നാണ് അദ്ദേഹത്തിന്റെ മറുപടി.

സഹോദരിയിൽനിന്ന് കടം വാങ്ങിയ പണവുമായി ഹാർലമിൽനിന്ന് വിമാനം കയറിയതു മുതൽ ഇത്തരം അനേകം അനുഭവങ്ങൾ അദ്ദേഹത്തിന്റെ മുന്നിലൂടെ കടന്നുപോവുകയായിരുന്നു. ഫ്രാങ്ക് ഫർട്ട് വിമാനത്താവളത്തിൽനിന്ന് കയ്റോവിലേക്ക് ഹജ്ജാജിമാരോടൊപ്പം യാത്ര തിരിച്ച ആ രംഗം മാൽക്കം ഓർക്കുന്നുണ്ട്. അനേക ദേശങ്ങളിൽ നിന്നെത്തിയ പല നിറക്കാരായ മനുഷ്യർ പരസ്പരം ആശ്ലേഷിക്കുകയാണ്. സൗഹൃദത്തിന്റെ ആ ഊഷ്മള നിമിഷത്തിൽ വർണ-വംശ ഭേദങ്ങൾ അലിഞ്ഞില്ലാതാവുന്നു. ഒരു തടവറയിൽനിന്ന് ഇതാ ഇപ്പോൾ പുറത്തിറങ്ങിയതേയുള്ളൂ എന്ന് തനിക്കപ്പോൾ തോന്നിയതെന്ന് മാൽക്കം ഇതേപറ്റി എഴുതി.

വിമാനത്തിൽ പലതരക്കാരായ ആളുകളായിരുന്നു. വെള്ളക്കാർ, കറുത്തവർ, നീല കണ്ണുകളും സ്വർണത്തലമുടികളുമുള്ളവർ, കൂട്ടത്തിൽ എന്റെ ചുരുണ്ട ചുവന്ന മുടിയും- എല്ലാവരും സഹോദരന്മാർ. അല്ലാഹുവെന്ന ഓരേയൊരു ദൈവത്തെ ആരാധിക്കുന്നവർ. പരസ്പരം തുല്യ ബഹുമാനം നൽകുന്നവർ.

ഒരു അമേരിക്കൻ പുതു മുസ്‌ലിം എന്ന നിലക്കുള്ള സാങ്കേതിക തടസ്സങ്ങൾ തീർത്തത് 'മുഹമ്മദിന്റെ അനശ്വര സന്ദേശം' എന്ന ഗ്രന്ഥത്തിന്റെ കർത്താവായ അബ്ദുർറഹ്മാൻ അസ്സാമിന്റെ മകൻ ഡോ. ഉമർ അഅ്സമായിരുന്നു. വിശുദ്ധ ഭൂമിയിൽ അമുസ്‌ലിംകൾക്ക് പ്രവേശനമില്ല. സ്വിറ്റ്സർലന്റിൽനിന്ന് നഗരാസൂത്രണത്തിൽ പരിശീലനം നേടിയ എഞ്ചിനീയറായിരുന്നു ഡോ. അഅ്സം. അയാളുടെ കാറിൽ ജിദ്ദാ നഗരത്തിലൂടെ യാത്ര ചെയ്യവെ, പ്രകൃതത്തിൽ ശരിക്കും വെള്ളക്കാരൻ തന്നെയായ ആ മനുഷ്യന് തന്നോടുള്ള പെരുമാറ്റം തങ്ങൾ തമ്മിൽ യാതൊരു അന്തരവുമില്ലെന്ന മട്ടിലാണല്ലോ എന്നോർത്ത് തരിച്ചിരിക്കുകയായിരുന്നു അപ്പോൾ മാൽക്കം.

പുറത്ത് വരാന്തയിൽ നിന്നാൽ ചെങ്കടൽ തീരത്തുള്ള പുരാതന നഗരം കാണാവുന്ന ജിദ്ദയിലെ പാലസ് ഹോട്ടലിലെ ഡോ. അഅ്സമിന്റെ 214-ാം നമ്പർ മുറിയിലിരിക്കെ ജീവിതത്തിന്റെ ദശാസന്ധിയിൽ നിൽക്കുന്ന പോലെയാണ് മാൽക്കമിന് തോന്നിയത്. വംശീയവാദിയും വെള്ളക്കാരുടെ ശത്രുവുമായി പത്രങ്ങൾ മുദ്രകുത്തിയ തനിക്ക് ഈ വിധത്തിൽ സഹായം ചെയ്യുന്നത് ഒരു വെള്ളക്കാരന് നഷ്ടമല്ലാതെ ലാഭമൊന്നും ഉണ്ടാക്കില്ലെന്ന അറിവ് തന്റെ ബോധമണ്ഡലങ്ങളെയാകെ പിളർക്കുന്നതായി അദ്ദേഹത്തിനു തോന്നി. മുമ്പൊരിക്കലും പ്രാർഥിക്കാനുള്ള പ്രചോദനം തന്നിൽ ഇത്രയേറെ വികാരത്തള്ളിച്ചയുണ്ടാക്കിയിട്ടില്ല എന്നാണ് മാൽക്കം എഴുതിയത്. സ്വീകരണമുറിയിലെ പരവതാനിയിൽ മുഖം ചേർത്തുനിൽക്കുകയായിരുന്നു അപ്പോൾ അയാൾ.

അന്നു പുലർച്ചെ ആദ്യമായി അയാൾ 'വെള്ളക്കാരനെ' ഒരു പുനർവിചിന്തനത്തിന് വിധേയമാക്കി. സമീപനങ്ങളും കർമങ്ങളുമാണ് പ്രധാനം. അതു കഴിഞ്ഞേ നിറം വരുന്നുള്ളൂ. വെളുത്ത മനുഷ്യനെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് മുഴുവനും അടിസ്ഥാനപരമായി തിരുത്തിക്കുറിക്കുന്നതിന്റെ തുടക്കമായിരുന്നു മാൽക്കമിന് ആ പ്രഭാതം.

അന്ന് തന്റെ കുറിപ്പ് പുസ്തകത്തിൽ മാൽക്കം എഴുതി: "ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് വരുന്ന തീർഥാടകരെക്കൊണ്ട് തെരുവുകൾ നിറഞ്ഞിരിക്കുന്നു. എവിടെയും ആളുകളുടെ ചുണ്ടിൽ പ്രാർഥനയും ഖുർആൻസൂക്തങ്ങളും. ഇതേപോലെ മനോഹരമായ മറ്റൊരു കാഴ്ചയും ഞാൻ കണ്ടിട്ടില്ല. മറ്റൊരു ദൃശ്യത്തിനും സാക്ഷിയായിട്ടില്ല. ഇതുപോലൊരന്തരീക്ഷം അനുഭവിച്ചിട്ടില്ല. ആയിരക്കണക്കിന് നാഴികകളകലെ ഞാനറിഞ്ഞ ജീവിതത്തിൽനിന്ന് തീർത്തും വ്യത്യസ്തമായ ജീവിതം നയിക്കുമ്പോൾ ആവേശഭരിതനെങ്കിലും എനിക്ക് സുരക്ഷിതത്വം അനുഭവപ്പെടുന്നു. ചുറ്റും സ്നേഹിതന്മാരുണ്ടെന്ന് എനിക്കറിയാം. അവരുടെ ആത്മാർഥതയും മതപരമായ ആവേശവും ഞാൻ അനുഭവിച്ചറിയുന്നു. ഈ അനുഗ്രഹത്തിന് നന്ദിപറയാൻ ഞാൻ അല്ലാഹുവിനോട് വീണ്ടും പ്രാർഥിക്കേണ്ടിയിരിക്കുന്നു. അമേരിക്കയിൽ വസിക്കുന്ന എന്റെ ഭാര്യയും കുഞ്ഞുങ്ങളും അവരുടെ ത്യാഗത്തിന്റെ പേരിൽ അനുഗ്രഹിക്കപ്പെടാൻ വേണ്ടിയും ഞാൻ ഇനിയും പ്രാർഥിക്കേണ്ടിയിരിക്കുന്നു".

'ഹജ്ജിന്റെ ആ വേളയിലാണ് താനൊരു പൂർണ മനുഷ്യനാണെന്ന് തോന്നിയത്.' അപ്പോഴേക്ക് മലിക്ശഹ്ബാസ് എന്ന പേര് സ്വീകരിച്ചുകഴിഞ്ഞ മാൽക്കം രേഖപ്പെടുത്തി. അദ്ദേഹത്തിന്റെ ചിന്തയെയും പ്രവർത്തനമേഖലകളെയും ഹജ്ജ് അത്രയേറെ മാറ്റിമറിച്ചു. മുപ്പത്തൊമ്പതു വർഷത്തെ ജീവിതത്തിനിടയിൽ അമേരിക്കയിൽ കാണാത്ത പലതുമാണ് രണ്ടാഴ്ചക്കാലത്തെ ഹജ്ജ് സമയത്ത് താൻ കണ്ടതെന്ന് അദ്ദേഹം ഓർത്തു. പണ്ടൊക്കെ വെള്ളക്കാരെ മുഴുവൻ അടച്ചാക്ഷേപിക്കുമായിരുന്ന താൻ ഇനിയത് ചെയ്യില്ല എന്നാണ് മാൽക്കം ഹജ്ജിനു ശേഷം പറഞ്ഞത്. വെള്ളക്കാർ കറുത്തവരെ ഒന്നടങ്കം നിന്ദിക്കുന്നതു പോലെ വെള്ളക്കാരെ മുഴുവൻ കുറ്റപ്പെടുത്തുന്നത് ശരിയല്ലെന്ന് ഇസ്‌ലാം തന്നെ ബോധ്യപ്പെടുത്തിയതായി അദ്ദേഹം എഴുതി.

ഹജ്ജ് കഴിഞ്ഞ് അമേരിക്കയിൽ മടങ്ങിയെത്തിയ ശേഷമുള്ള ഒരു പ്രഭാതത്തിലെ അനുഭവം വിവരിക്കുന്നുണ്ട് മാൽക്കം. ന്യൂയോർക്ക് തെരുവിലൂടെ കാറിൽ സഞ്ചരിക്കുകയാണ്. ചുവന്ന വെളിച്ചം തെളിഞ്ഞപ്പോൾ കാർ നിർത്തി. ആ സമയത്ത് മറ്റൊരു കാർ അരികിൽ വന്നുനിന്നു. ഒരു വെള്ളക്കാരിയാണ് കാറോടിച്ചിരുന്നത്. യാത്രക്കാരന്റെ ഇരിപ്പിടത്തിൽ ഒരു വെള്ളക്കാരൻ. 'മാൽകം എക്സാണോ' അയാൾ വിളിച്ചു ചോദിച്ചു. നോക്കുമ്പോൾ അയാൾ ചിരിച്ചുകൊണ്ട് പുറത്തേക്ക് കൈനീട്ടുകയാണ്. വെള്ളക്കാരന് ഹസ്തദാനം ചെയ്യാൻ താങ്കൾക്ക് വിരോധമുണ്ടോ? അയാൾ ചോദിച്ചു. മാൽക്കം പറഞ്ഞതിതാണ്: മനുഷ്യർക്ക് ഹസ്തദാനം ചെയ്യുന്നതിൽ എനിക്കൊരു പ്രശ്നവുമില്ല. താങ്കളൊരു മനുഷ്യനല്ലേ?

മുമ്പ് കറുത്ത മുസ്‌ലിംകളുടെ റസ്റ്റോറന്റ് സന്ദർശിച്ച ഒരു വെള്ളക്കാരി കോളേജ് വിദ്യാർഥിനി: 'നിങ്ങൾക്ക് വേണ്ടി ഞാനെന്തു ചെയ്യണം?' എന്നു ചോദിച്ചപ്പോൾ 'ഒന്നും ചെയ്യേണ്ട. വെള്ളക്കാരുടെ സഹായം തനിക്കാവശ്യമില്ല' എന്ന് പറഞ്ഞയാളായിരുന്നു മാൽക്കം. കണ്ണീരോടെയാണ് ആ വിദ്യാർഥിനി തിരിച്ചുപോയത് എന്ന് അദ്ദേഹം ഓർക്കുന്നു. താൻ ജീവിക്കുന്നതുപോലും ആ പെരുമാറ്റദൂഷ്യത്തിന് പശ്ചാത്തപിക്കാൻ വേണ്ടിയാണ് എന്നാണ് പിന്നീട് അദ്ദേഹം പറഞ്ഞത്.

തന്റെ യഥാർഥ ഇസ്‌ലാം കണ്ടെ

ത്തലിന്റെയും ലോകത്താകമാനമുള്ള കറുത്ത മനുഷ്യർക്കുള്ള ഹജ്ജിന്റെ സന്ദേശമായി ഒരു വിളംബര പ്രഖ്യാപനമെന്നോണം മാൽക്കം എഴുതിയ കത്ത് അപ്പോഴേക്കും അമേരിക്കയിലാകെ പ്രചരിച്ചുകഴിഞ്ഞിരുന്നു. കത്തിൽ അദ്ദേഹം എഴുതി: "ഇബ്റാഹീമിന്റെയും മുഹമ്മദിന്റെയും പരിശുദ്ധ വേദപുസ്തകത്തിന്റെയും മറ്റു പ്രവാചകന്മാരുടെയും ജന്മഗേഹമായ ഈ പുരാതന വിശുദ്ധഭൂമിയിൽ വിവിധ വർണക്കാരും വംശക്കാരുമായ ആളുകൾ പുലർത്തിയതിനു തുല്യമായ സാഹോദര്യത്തിനും ആതിഥ്യമര്യാദക്കും മുമ്പൊരിക്കലും ഞാൻ സാക്ഷിയായിട്ടില്ല. കഴിഞ്ഞ ഒരാഴ്ചക്കാലമായി, എനിക്കു ചുറ്റും എല്ലാ നിറക്കാരുമായ ആളുകൾ പ്രകടമാക്കിയ ഉദാരതക്കു മുമ്പിൽ അത്ഭുതസ്തബ്ധനായി ഒരക്ഷരമുരിയാടാനാവാതെ കഴിച്ചുകൂട്ടുകയായിരുന്നു ഞാൻ. വിശുദ്ധ നഗരമായ മക്ക സന്ദർശിക്കാനുള്ള അനുഗ്രഹം എനിക്ക് സിദ്ധിച്ചു. ഞാൻ ഏഴുവട്ടം കഅ്ബയെ വലം വെച്ചു. സംസം കിണറിൽനിന്ന് വെള്ളം കോരിക്കുടിച്ചു. സഫാ മർവാ മലനിരകൾക്കിടയിലൂടെ ഏഴുവട്ടം അങ്ങോട്ടുമിങ്ങോട്ടും ഓടി. മിനായിലെ പ്രാചീന നഗരത്തിലും അറഫാ മലമുകളിലും വെച്ച് പ്രാർഥിച്ചു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് പതിനായിരക്കണക്കിന് തീർഥാടകർ അവിടെ എത്തിച്ചേർന്നിരുന്നു. നീലക്കണ്ണും സ്വർണത്തലമുടിയുമുള്ളവർ തൊട്ട് കറുത്ത തൊലിയുള്ള ആഫ്രിക്കക്കാർ വരെ വ്യത്യസ്ത നിറക്കാർ. പക്ഷേ ഞങ്ങളെല്ലാവരും ഒരേ അനുഷ്ഠാനങ്ങളിലാണ് പങ്കെടുത്തത്. ഏകതയുടെയും സാഹോദര്യത്തിന്റെയും ചൈതന്യം പ്രകടമാക്കുന്നവയായിരുന്നു ഈ അനുഷ്ഠാനങ്ങൾ. വെളുത്തവരും വെളുത്തവരല്ലാത്തവർക്കുമിടയിൽ ഇത്തരം ഏകതാ ബോധം ഒരു കാലത്തും നിലനിൽക്കുകയില്ല എന്ന വിശ്വാസത്തിലേക്കാണ് അമേരിക്കൻ അനുഭവങ്ങൾ എന്നെ നയിച്ചിട്ടുള്ളത്. അമേരിക്ക ഇസ്ലാമിനെ മനസ്സിലാക്കേണ്ടത് ആവശ്യമാണ്. കാരണം, സമൂഹത്തിൽനിന്ന് വംശീയ പ്രശ്നങ്ങൾ മായ്ച്ചുകളയുന്ന ഒരേയൊരു മതം ഇസ്ലാമാണ്. മുസ്‌ലിംലോകത്തൂടെയുള്ള യാത്രയിലുടനീളം അമേരിക്കയിൽ വെളുത്തവരായി പരിഗണിക്കപ്പെടുന്ന ആളുകളുമായി കൂടിക്കാഴ്ച നടത്തുകയും സംഭാഷണത്തിലേർപ്പെടുകയും അവരോടൊപ്പം ഭക്ഷണം കഴിക്കുക പോലും ചെയ്തിട്ടുണ്ട് ഞാൻ. പക്ഷേ അവരുടെ മനസ്സിൽനിന്ന് വെള്ളക്കാരൻ എന്ന മനോഭാവം ഇസ്ലാം എടുത്തു മാറ്റിയിരിക്കുന്നു. എല്ലാ നിറക്കാരും ഒന്നിച്ചുചേർന്ന് തങ്ങളുടെ നിറമേതെന്ന് കാര്യമാക്കാതെ യഥാർഥ സാഹോദര്യം നിലനിർത്തുന്നത് ഞാൻ മുമ്പൊരിക്കലും കണ്ടിട്ടില്ല.

മുസ്‌ലിംലോകത്ത് വസിച്ച കഴിഞ്ഞ പതിനൊന്നു ദിവസവും സഹമുസ്‌ലിംകളോടൊപ്പം ദൈവത്തോട് പ്രാർഥിച്ചുകൊണ്ടിരിക്കവെ, ഞാൻ ഒരേ പാത്രത്തിൽനിന്ന് ആഹാരം കഴിച്ചു. ഒരേ ഗ്ലാസ്സിൽനിന്ന് വെള്ളം കുടിച്ചു. ഒരേ കിടക്കയിൽ കിടന്നുറങ്ങി. അവരുടെ കണ്ണുകൾ നീലയിൽ ഏറ്റവും നീല, തലമുടിക്ക് സ്വർണനിറത്തിൽ ഏറ്റവും സ്വർണനിറം. തൊലി വെളുത്തതിൽ ഏറ്റവും വെളുത്തത്. എന്നിട്ടും വെളുത്തവരായ ആ മുസ്‌ലിംകളുടെ നോക്കിലും വാക്കിലും കർമങ്ങളിലും നൈജീരിയയിലെയും സുഡാനിലെയും ഘാനയിലെയും കറുമ്പന്മാരായ ആഫ്രിക്കൻ മുസ്‌ലിംകൾക്കിടയിൽ കണ്ട അതേ ആത്മാർഥതതന്നെ അനുഭവിച്ചു. ഞങ്ങളെല്ലാം ഒരേപോലെയുള്ള സഹോദരന്മാരായിരുന്നു. ഏകദൈവത്തിലുള്ള വിശ്വാസം അവരുടെ മനസ്സിൽ നിന്നും പെരുമാറ്റത്തിൽനിന്നും നിലപാടുകളിൽനിന്നും വെളുത്തവരെന്ന മനോഭാവം എടുത്തുകളഞ്ഞിരിക്കുന്നു.

ഇത്രയും ഉയർന്ന സ്നേഹ ബഹുമാനങ്ങൾ എനിക്കൊരിക്കലും കിട്ടിയിട്ടില്ല. മുമ്പൊരിക്കലും ഇത്രയും നിസ്സാരനും എളിയവനുമാണെന്ന് എനിക്ക് തോന്നിയിട്ടില്ല. ഒരു അമേരിക്കൻ നീഗ്രോയുടെ മേൽ ഇത്രയേറെ അനുഗ്രഹങ്ങൾ കോരിച്ചൊരിഞ്ഞ് കുന്നുകൂടിയെന്ന് പറഞ്ഞാൽ ആരാണ് വിശ്വസിക്കുക? വിശുദ്ധഭൂമിയിൽ കഴിച്ചുകൂട്ടിയ ഓരോ മണിക്കൂറും സംഭവങ്ങളെ കൂടുതൽ മഹത്തായ ആത്മീയ കാഴ്ചപ്പാടോടെ നോക്കാൻ എന്നെ സഹായിച്ചിട്ടുണ്ട്. വംശീയത ഒരുവശത്ത് അമേരിക്കയെ ആത്മഹത്യയുടെ പാതയിലേക്ക് നയിക്കുമ്പോൾ പുതിയ തലമുറയിലെ ചെറുപ്പക്കാർ, ചുമരെഴുത്ത് വായിക്കും. അവരിൽ ഒരുപാട് പേർ, സത്യത്തിന്റെ ആത്മീയപാതയിലേക്ക് തിരിയുമെന്നാണെന്റെ വിശ്വാസം.

ഈ ഹജ്ജ് യാത്ര കഴിഞ്ഞ് ഒരു വർഷത്തിനകമായിരുന്നു മാൽക്കം എക്സിന്റെ മരണം. 1965 ഫെബ്രുവരി 21-ന് ന്യൂയോർക്കിലെ ഓഡുബോർ നൃത്തശാലയിൽ പ്രസംഗിച്ചുകൊണ്ടിരിക്കെ അജ്ഞാത സംഘം അദ്ദേഹത്തെ വെടിവെച്ചിടുകയായിരുന്നു. ഒരു രാഷ്ട്രീയ പ്രസ്ഥാനം എന്ന നിലയിൽ ഇസ്ലാമിന്റെ താരോദയം അമേരിക്കൻ അധികാരിവർഗത്തെ എപ്പോഴും വിറകൊള്ളിച്ചിരുന്നുവല്ലോ? അദ്ദേഹം ആശിച്ചതുപോലെ, ലോകത്താകമാനമുള്ള പൊരുതുന്ന മനുഷ്യർക്ക് ആശയും വഴികാട്ടിയുമായി വിടപറയുകയായിരുന്നു ആ രക്തസാക്ഷി.

ഓരോ ഹജ്ജ് വരുമ്പോഴും മാൽക്കം എക്സ് എന്ന മലിക് ശഹ്ബാസിനെ നാം ഓർത്തുപോകും. ആരാലും വിസ്മരിക്കപ്പെട്ടും ഒഴിവാക്കപ്പെട്ടും കടന്നുപോകുമായിരുന്ന ആ പോരാളിയെ നമുക്ക് വീണ്ടെടുത്തുതന്നത് ഹജ്ജാണല്ലോ. ■